**File No.DT/311/2019-F3**

"ഭരണഭാഷ - മാതൃഭാഷ"
വ്യാവസായിക പരിശീലനവകുപ്പ്
(കേരളസംസ്ഥാനം)

തൊഴിൽ ഭവൻ,
തിരുവനന്തപുരം
തീയതി: 15/01/2020

DT/311/19-F3

__ചുറ്ററിയിപ്പ്__

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- ട്രെയിനിംഗ് ഡയറക്ടറേറ്റ് - സർക്കാർ ഓഫീസുകളിൽ ലഹരി വരുദ്ധ കമ്മറ്റികൾ രൂപീകരിക്കുന്നതിന് നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്.

സൂചന:- 18.11.19 ലെ സി.ഡി.എൻ-2/19/പൊ.ഭ.വ നമ്പർ ചുറ്ററിയപ്പ്

വിമുക്തി മിഷന്റെ പ്രവർത്തനങ്ങളിൽ കൂടുതൽ പങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ട് നിലവിലെ സംവിധാനങ്ങൾ വിപുലീകരിച്ച് ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് വേണ്ടി ***"നാളത്തെ കേരളം ലഹരി വിമുക്ത നവ കേരളം"*** എന്ന പേരിൽ തൊണ്ണൂറുദിന തീവ്രയജ്ഞ ബോധവത്കരണ പരിപാടികൾ സംസ്ഥാനത്തുടനീളം സംഘടിപ്പിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത ക്യാമ്പയിനോടനുബന്ധിച്ച് എല്ലാ സർക്കാർ ഓഫീസുകളിലും ലഹരി വിരുദ്ധ കമ്മറ്റി രൂപീകരിച്ച് ലഹരി വിരുദ്ധ പ്രതിജ്ഞയും ലഹരി വിരുദ്ധ പരിപാടികളും സംഘടിപ്പിക്കുന്നതിന് സർക്കാർ തലത്തിൽ തീരുമാനിച്ചിട്ടുണ്ട്. വകുപ്പിന്റെ കീഴിലുള്ള എല്ലാ ഓഫീസുകളിലും ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ലഹരി വിരുദ്ധ കമ്മറ്റികൾ രൂപീകരിക്കുന്നതിന് എല്ലാ സ്ഥാപന മേധാവികൾക്കും നിർദ്ദേശം നൽകുന്നു. സൂചന ചുറ്ററിയിപ്പിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

**DIRECTOR OF TRAINING**
**ട്രെയിനിംഗ് ഡയറക്ടർ**

സ്വീകർത്താവ്:-

1. സ്പെഷ്യൽ ഓഫീസർ, എസ്.യു.ഐ.ഐ.ടി. കഴക്കൂട്ടം.
2. ജോയിന്റ് ഡയറക്ടർ, റീജിയണൽ ഡയറക്ടറേറ്റ്, കണ്ണൂർ.
3. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ട്രെയിനിംഗ് ഡയറക്ടറേറ്റ്
4. എല്ലാ ഐ.ടി -മാർക്കും.
5. എല്ലാ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും.
6. പ്രിൻസിപ്പാൾ, എ.വി.ടി.എസ്.
7. എല്ലാ ട്രെയിനിംഗ് ഓഫീസർമാർക്കും.

അംഗീകാരത്തോടെ,

ജൂനിയർ സൂപ്രണ്ട്